സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് – ദിവസവേതന സെക്യൂരിറ്റി ജീവനക്കാരുടെ അപേക്ഷ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 4905/19/Est-I** നന്തൻകോട്, **08/12/2023**

---

പരാമർശം :– 1) 02–06–2023, 29–06–2023 എന്നീ തീയതികളിലെ മേൽ നമ്പർ ഉത്തരവ്.

2) ശ്രീ. ജി. വിദ്യാധരൻ, ശ്രീ. ശശീന്ദ്രൻ നായർ എന്നിവരുടെ 05–07–2023 ലെ അപേക്ഷ.

3) ദേവസ്വം കമ്മീഷണറുടെ 03–11–2023 ലെ ROC 997/23/Est-C നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്നവരുടെ വേതനം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു (പരാമർശം –1).

ടി ബോർഡ് ഉത്തരവ് പ്രകാരം സെക്യൂരിറ്റി ജീവനക്കാർക്ക് പ്രതിദിനം 755/– രൂപയും പ്രതിമാസ വേതന പരിധി 20,355/– രൂപയും നിശ്ചയിച്ചിട്ടുള്ളതാണെന്നും ഇപ്രകാരം വേതനപരിധി നിശ്ചയിച്ചിട്ടുള്ളതു കാരണം അവധി ദിനം ഉൾപ്പെടെ 30, 31 ദിവസം ജോലി നോക്കുന്ന ടി വിഭാഗം ജീവനക്കാർക്ക് ഫലത്തിൽ 27 ദിവസത്തെ വേതനം മാത്രമേ ലഭിക്കുന്നുള്ളൂവെന്നും ആകയാൽ അധിക ദിവസം ചെയ്യുന്ന ഡ്യൂട്ടിയെ അവധിയായോ ഓവർടൈം ഡ്യൂട്ടിയായോ പരിഗണിച്ച് ആയതിന് ഒരു നിശ്ചിത തുക അലവൻസായി അനുവദിക്കണമെന്ന് വിവരിച്ച് ടി വിഭാഗം ജീവനക്കാരുടെ അപേക്ഷ ലഭിച്ചു (പരാമർശം –2).

ദിവസവേതന സെക്യൂരിറ്റി ജീവനക്കാർ 27 ദിവസത്തിൽ കൂടുതലായി ചെയ്യുന്ന ജോലിക്ക് ആനുപാതികമായി വേതനം നൽകാവുന്നതാണെന്ന് ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ അഭിപ്രായപ്പെട്ടിട്ടുള്ളതാണെന്നും എന്നാൽ ടി നിർദ്ദേശം ദിവസവേതന ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമാകയാൽ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനമുണ്ടാകണമെന്ന് ദേവസ്വം കമ്മീഷണർ റിപ്പോർട്ട് ചെയ്തു (പരാമർശം –3).

(മറുപുറം)

ടി വിഷയം ബോർഡ് വിശദമായി പരിശോധിച്ച് ചർച്ച ചെയ്തു.

ദിവസവേതന സെക്യൂരിറ്റി ജീവനക്കാരുടെ ജോലി സ്വഭാവം പരിഗണിച്ച് ദിവസവേതനാടിസ്ഥാനത്തിൽ സക്യൂരിറ്റിയായി ജോലി നോക്കിവരുന്നവരെ പ്രതിമാസ വേതന പരിധിയിൽ നിന്നും ഒഴിവാക്കി ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. പെഴ്സണൽ സെക്രട്ടറി, ബഹു: പ്രസിഡന്റ്
3. പെഴ്സണൽ സെക്രട്ടറി, ബഹു: മെമ്പർ
4. പെഴ്സണൽ സെക്രട്ടറി, ബഹു: മെമ്പർ
5. ഐ.റ്റി. സെക്ഷൻ
6. സെക്ഷൻ ഫയൽ
7. ഫയൽ ബുക്ക്
8. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK